**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2912** **13-12-2022 - ൽ മറുപടിയ്ക്ക്**

**മഹാകവി മോയിൻ കുട്ടി മാപ്പിള കലാ അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രം മിനി ഓഡിയോ വിഷൻ തിയേറ്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | മഹാകവി മോയിൻ കുട്ടി മാപ്പിള കലാ അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രത്തിന് മിനി ഓഡിയോ വിഷൻ തിയേറ്റർ സ്ഥാപിക്കുന്നതിന് സാംസ്കാരിക വകുപ്പിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ പദ്ധതി പൂർത്തീകരണത്തിന് ശങ്കർ ഹാബിറ്റേറ്റിന് കൈമാറുന്നതിനുള്ള നടപടി വിശദമാക്കുമോ ; | (എ) | മഹാകവി മോയിൻ കുട്ടി മാപ്പിള കലാ അക്കാദമിയുടെ നാദാപുരം ഉപകേന്ദ്രത്തിന് മിനി ഓഡിയോ വിഷ്വൽ തിയേറ്റർ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയും, 50 ലക്ഷം രൂപ അക്കാദമിക്ക് അനുവദിച്ചും 29.11.2022 തീയതിയിലെ സ.ഉ(സാധാ)നം. 694/2022/ സാം.കാ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ പൊതുമരാമത്ത് വകുപ്പ് വഴിയോ, 04.07.2019 തീയതിയിലെ സ.ഉ(പി)നം.77/2019/ ധന പ്രകാരം നിശ്ചയിച്ചിട്ടുള്ള അക്രഡിറ്റഡ് ഏജൻസികൾ വഴിയോ ചട്ടപ്രകാരം നിർവ്വഹിക്കാവുന്നതാണ്. |
| (ബി) | പദ്ധതി പൂർത്തീകരണത്തിന് എസ്റ്റിമേറ്റ് പ്രകാരം ഇനിയും ഒരു കോടി പതിനഞ്ചു ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ബാക്കി തുക വകയിരുത്താൻ വകുപ്പിന് പ്രൊപ്പോസൽ നൽകേണ്ടതുണ്ടോ ; | (ബി) | അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| (സി) | എങ്കിൽ വിശദമായ വിവരം ലഭ്യമാക്കുമോ? | (സി) | അനുവദിച്ച തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ